# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## പി.എം.ജി.എസ്.വൈ. പദ്ധതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7310

14.07.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതിയിൽ 5 മുതൽ 7-ഘട്ടങ്ങൾ വരെ കുട്ടനാട്ടിൽ അനുവദിച്ചിരുന്ന 11 നിർമ്മാണപ്രവൃത്തികൾ ലാപ്സായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | പി.എം.ജി.എസ്.വൈ പദ്ധതിയിൽ കുട്ടനാട്ടിൽ അനുവദിച്ച 5 മുതൽ 7 വരെയുള്ള ഘട്ടങ്ങളിലെ റോഡ് പ്രവൃത്തികളിൽ ഏഴാം ഘട്ടത്തിൽപ്പെട്ട 9 റോഡ് പ്രവൃത്തികൾ ലാപ്സ് ആയിട്ടുണ്ട്. അഞ്ചാം ഘട്ടത്തിലെ 2 പ്രവൃത്തികൾക്ക് പലതവണ ടെണ്ടർ ക്ഷണിച്ചിട്ടും പണികൾ ഏറ്റെടുക്കാൻ കരാറുകാരെ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ ; | (ബി) | കുട്ടനാട് പ്രദേശം ഉൾപ്പെടുന്ന ആലപ്പുഴയിൽ ഒന്നാകെ റോഡ് പണികൾക്കുള്ള ഗ്രാവൽ മണ്ണ്, പാറ, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ സമീപ ജില്ലകളിൽ നിന്നു പോലും കൊണ്ടുവരേണ്ടതായുണ്ട്. സാധന സാമഗ്രികളുടെ കുറവും അവയ്ക്ക് നൽകുന്ന നിരക്ക് സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകൾ നൽകുന്നതിനേക്കാൾ കുറവായതും കാരണമാണ് പണികൾ എറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകാതിരിക്കുന്നത്. സ്വകാര്യ മടകളിൽ (ക്വാറികൾ) നിന്നും എടുക്കുന്ന മണ്ണിന് വില നൽകാൻ എസ്റ്റിമേറ്റിൽ വ്യവസ്ഥ ഇല്ലാത്തതും മറ്റൊരു കാരണമാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികൾ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ പി.എം.ജി.എസ്.വൈ. പ്രകാരം അനുവദിച്ച റോഡുകൾ പലതവണ ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ അവയുടെ എസ്റ്റിമേറ്റുകൾ 2013-ലെ തദ്ദേശ വിപണി നിരക്കിനെ (LMR) അടിസ്ഥാനമാക്കി പി.എം.ജി.എസ്.വൈ, SOR തയ്യാറാക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ